# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ - 2675

14.12.2015 ലെ മറുപടിയ്ക്ക്

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സുരേഷ് കുറുപ്പ് | | പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്, ഇടമലയാർ പ്രോജക്ട് എന്നിവ നടപ്പ് സാമ്പത്തിക വർഷം തന്നെ കമ്മീഷൻ ചെയ്യാൻ നടപടി എടുക്കുന്നതാണെന്ന് 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു; | (ബി) | 2013-14 സാമ്പത്തിക വർഷം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി 5കോടി രൂപയും ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി 20കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. |
| (സി) | പ്രസ്തുത വർഷം ഇതിൽ നിന്നും ഏതെല്ലാം പ്രവർത്തിക്കായി എത്ര തുകയാണ് ചെലവഴിച്ചത്; വിശദമാക്കുമോ; | (സി) | 2013-14 സാമ്പത്തിക വർഷത്തിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാലിന്റെയും ലോ ലെവൽ കനാലിന്റെയും വിവിധ പണികൾക്കും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ആകെ 13.1കോടി(6.40കോടിരൂപ വർക്കുകൾക്കും 6.7കോടിരൂപ എസ്റ്റാബ്ലിഷ്മെന്റിനും)രൂപയും, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നിർമ്മാണത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ആകെ 17.85കോടി(6.43കോടിരൂപ വർക്കിനും,11.42കോടിരൂപ എസ്റ്റാബ്ലിഷ്മെന്റിനും)രൂപയും ചെലവാക്കി. |
| (ഡി) | പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇടമലയാർ ജലസേചന പദ്ധതിയുടെ മെയിൻ കനാൽ (32.278 കി.മീ)പൂർണ്ണമായും പണിപൂർത്തിയാക്കുകയും 2013-14, 2014-15 എന്നീ വർഷങ്ങളിൽ ടെസ്റ്റ് റൺ നടത്തുകയും ലോ ലെവൽ കനാൽ ചെയിനേജ് 27.25കി.മീറ്റർ വരെയുള്ളതിൽ സ്ഥലം ഏറ്റെടുത്ത 15കി.മീ.വരെയുള്ള ചെയിനേജിൽ |

7.30കി.മീ.വരെയുള്ള കനാലിന്റെ എല്ലാപണികളും പൂർത്തീകരിച്ച് 2014-15വർഷത്തിൽ 7.3കി.മീ. വരെ വെള്ളം തുറന്നു വിട്ടതുമാണ്. ബാക്കി ചെയിനേജ് 7.30കി.മീ.മുതൽ 15കി.മീ. വരെയുള്ള ഭാഗത്ത് 4 പണികൾ പൂർത്തീകരിക്കാനുണ്ട്. ലിങ്ക് കനാൽ ചെയിനേജ് 2കി.മീ.വരെ 2 പ്രവൃത്തികൾ ഒഴികെ ബാക്കി പണികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ 65.473കി.മീ.മെയിൻ കനാലിന്റെ 100% പണികളും 57.154 കി.മീറ്റർ ബ്രാഞ്ച് കനാലുകളുടെ 54.645കി.മീ. നീളം (96%) പണികളും 218കി.മീ ഡിസ്ട്രിബ്യൂട്ടറികളുടെ 190.5കി.മീ. നീളം (87%) പണികളും പൂർത്തിയാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ